# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1064**     **10.08.2017 ൽ മറുപടിക്ക്**

**ആലത്തൂരിൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; | എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു<br>1. ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ ക്ലിനിക്കൽ ലാബ്, എക്സ്റേ എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട് . സാങ്കേതികാനുമതിക്കായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>2. ആലത്തൂർ പ്രീമെട്രിക്ക് ഹോസ്റ്റലിന്റെ (ഗേൾസ് )മെയിന്റനൻസ് പ്രവർത്തിയുടെ സിവിൽ പ്രവർത്തികൾ ആരംഭിച്ചു<br>3. നബാർഡ് ആർ ഐ ഡി എഫ് (XVI)ആലത്തൂർ കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മെഡിക്കൽ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി.<br><br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു. ദേശീയപാത വിഭാഗത്തിനു കീഴിൽ ആലത്തൂർ മണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നുംതന്നെയില്ല. |

| | |
|---|---|
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയാണ് മണ്ഡലത്തിലേക്ക് അനുവദിച്ചതെന്നും, നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് നടക്കുന്നതെന്നും വിശദമാക്കുമോ ? | ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെട്ടിട വിഭാഗത്തിൽ 10,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആലത്തൂർ പ്രീമെട്രിക് ഹോസ്റ്റലിന്റെ (ഗേൾസ് ) മെയിന്റനൻസ് പ്രവൃത്തിയുടെ സിവിൽ പ്രവൃത്തിയാണ് നടക്കുന്നത്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 54.14 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. 2016-17 ലെ ബഡ്ജറ്റിൽ അനുവദിച്ച പ്രവൃത്തികൾ ഒ ഡി ആർ ആയിരുന്നതിനാലും കിഫ്ബിയിൽ അനുവദിച്ച പ്രവൃത്തികൾക്ക് ഇൻവെസ്റ്റിഗേഷൻ നടക്കുന്നതിനാലും നിലവിൽ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | |
|---|---|
| എ | ആലത്തൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു. |

| ബഡ്ജറ്റ് പ്രവൃത്തികൾ 2016-17 | | | |
|---|---|---|---|
| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലുള്ള സ്ഥിതി |
| 1 | ഗാന്ധി ജംഗ്ഷൻ-കാട്ടുശ്ശേരി- വിഴുമല റോഡ് നിർമ്മാണം കി.മീ.2/900 - 5/200 | 298.00 | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 2 | കല്ലംപാടം- പുത്തൻതറ- ഡിവിഷൻ ഫോറസ്റ്റ് ഓഫീസ് റോഡ് കി.മീറ്റർ 0/00 - 2/800 അഭിവൃദ്ധിപ്പെടുത്തൽ | 218.00 | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 3 | ഓട്ടുപ്പാറ- കുന്നത്തുഗേറ്റ്-പാലത്തറ റോഡ് കി.മീറ്റർ 0/000 - 4/200 അഭിവൃദ്ധിപെടുത്തലും വീതി കൂട്ടലും | 210.00 | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 4 | കോട്ടേകുളം- കോന്നല്ലൂർ റോഡ് കി.മീ.0/000 - 2/700 അഭിവൃദ്ധിപെടുത്തൽ | 188.00 | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| ബഡ്ജറ്റ് പ്രവൃത്തികൾ 2017-18 | | | |
|---|---|---|---|
| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ | നിലവിലുള്ള സ്ഥിതി |
| | ആലത്തൂർ ബസാർ റോഡ് ബി.എം ചെയ്യുന്ന പ്രവൃത്തി കി.മീറ്റർ 0/00 -2/600 | 50.00 | കത്ത് നം. സിഇ/ ആർഒബി/ ജനറൽ – AS/2017-18(1) തീയതി 5.7.2017 പ്രകാരം എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട് |

| കിഫ്ബി പ്രവൃത്തികൾ 2016-17 | | | |
|---|---|---|---|
| | കണ്ണാടി പന്നിക്കോട് റോഡ് കി.മീറ്റർ 0/000 -10/00 അഭിവൃദ്ധിപ്പെടുത്തൽ | 10.00 കോടി | വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. |
| കിഫ്ബി പ്രവൃത്തികൾ 2017-18 | | | |
| | ആലത്തൂർ പറക്കുന്നം പാലം & അപ്രോച്ച് റോഡ് | 15.00 കോടി | ഉത്തരവ് നമ്പർ.ജി.ഒ(ആർറ്റി നമ്പർ) 942/2017/പൊ.മ.വ തീയതി 20.07.2017 പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| | ഇരട്ടകുളം- വാണിയംപാറ റോഡ് | 20.00 കോടി | വിശദമായ ഇൻവെസ്റ്റിഗേഷനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.